## ഉത്തരത്തിലെ തിരുത്ത്

മി. സ്പീക്കർ : പതിന്നാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 19.07.2016-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 273-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്ക് മേശപ്പുറത്തുവയ്ക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : സർ, പതിന്നാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 19.07.2016-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 273-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള മറുപടി സഭയുടെ അറിവിലേയ്ക്കായി ഞാൻ സമർപ്പിക്കുന്നു. (മേശപ്പുറത്ത് വയ്ക്കുന്നു.)

മി. സ്പീക്കർ: മെമ്പർമാർക്ക് ഉപചോദ്യം ചോദിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 19.07.2016 ലെ നക്ഷത്രചിഹ്നമിട്ട 273-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിലാണ് തിരുത്ത് വന്നത്. മെമ്പർമാർക്ക് ഉപചോദ്യം ചോദിക്കാനുള്ള അവസരം തിങ്കളാഴ്ച (31.10.2016) കൊടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഇന്ന് ചോദ്യം

ഉന്നയിക്കാൻ സാധിക്കില്ലല്ലോ; ഉത്തരം എന്താണെന്ന് അറിയണ്ടേ?

മി. സ്പീക്കർ: ശരി.